(സി) ആയത് പ്രസ്തുത പ്രദേശങ്ങളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിൽ കാസർഗോഡ് ജില്ലയിൽ മംഗൽപാടി, പുത്തിഗെ, മടിക്കൈ, കുറ്റിക്കോൽ, ദേലംപാടി, ബെള്ളൂർ, മുളിയാർ, മധൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകളുണ്ട്. അതിൽ കുറ്റിക്കോൽ, മടിക്കൈ കൃഷിഭവനുകളിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കിനാനൂർ കരിന്തളം കൃഷിഭവനിലെ കൃഷി ഓഫീസർ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ ജോലി ചെയ്യുവരികയാണ് .

(സി) കാസർഗോഡ് എം.പി. ശ്രീ. പി. കരുണാകരന്റെ സൻസാദ് ആദർശ് യോജന (SAGY) പദ്ധതി പ്രകാരം കിനാനൂർ കരിന്തളം പഞ്ചായത്തിനെ മാതൃകാ പഞ്ചായത്തായി തെരഞ്ഞെടുത്തതിനാൽ കൃഷി ഓഫീസറുടെ അഭാവം പദ്ധതി നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തിനാൽ പ്രസ്തുത ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. കിനാനൂർ കരിന്തളം കൃഷിഭവന്റെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

നാദാപുരത്തെ തെങ്ങുകളിലെ കൂമ്പുചീയൽ

121 (5470) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിനും, ശാശ്വത പരിഹാരം കാണുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിന് മുൻകരുതലായി മഴക്കാലാരംഭത്തോടുകൂടി കുമിൾനാശിനി പ്രയോഗം നടത്താനും രോഗാരംഭത്തിൽ തെങ്ങിന്റെ മണ്ടയിലെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി കത്തിച്ചുകളയുന്നതിനും ബോർഡോ കുഴമ്പ് പുരട്ടി വെള്ളം വീഴാത്ത രീതിയിൽ പുതിയ നാമ്പ് വരുന്നതുവരെ മൂടി സൂക്ഷിക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ മുഖേന കർഷകർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂമ്പുചീഞ്ഞ് നശിച്ച തെങ്ങുകളിൽനിന്ന് മറ്റ് തെങ്ങുകളിലേയ്ക്ക് രോഗം പടരുന്നത് തടയുന്നതിന് മുമ്പായി അത്തരം തെങ്ങുകൾ മുറിച്ചുമാറ്റി കത്തിച്ചുകളയാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പോലെ വളരെ വ്യാപകമായി കൂമ്പുചീയൽ ബാധ കാണുന്നപക്ഷം കണ്ടിജൻസി പ്രോഗ്രാമിൽ ഉൾപ്പെടുത്തി രോഗബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡറയക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കൃഷി വകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

122 (5471) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; അതുവഴി കാർഷിക രംഗത്ത് കൈവരിക്കാനായ പുരോഗതി വിശദമാക്കുമോ ;

(സി) പ്രഖ്യാപിച്ചവയിൽ ഇനിയും ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണ്; അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ഗ്രീൻ ഹൗസ്

2. സംയോജിത കാർഷിക വികസന പദ്ധതി

3. ജൈവകൃഷി പ്രോത്സാഹനം

4. കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിലെ സംഭരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly